ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇല്ല.

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.†

കേരള ഹൗസിലെ പുതിയ നിയമനങ്ങൾ

108 [1659] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹിയിലെ കേരള ഹൗസിൽ ഏതെങ്കിലും തസ്തികയിലേക്ക് സ്ഥിരമായോ താൽക്കാലികമായോ പുതുതായി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തസ്തികകളിലേക്കാണെന്നും ആയതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള ജീവനക്കാരുടെ ഏതെങ്കിലും പ്രൊമോഷൻ തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ആർ. സി. സി. ജീവനക്കാർക്ക് പെൻഷൻ പദ്ധതി

109 [1662] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ഗവേഷണ കേന്ദ്രങ്ങളിലെ ജീവനക്കാർക്കാണ് പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുള്ളതെന്ന് പറയാമോ;

(ബി) തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിലെ ജീവനക്കാർക്കും മറ്റ് സ്ഥാപനങ്ങൾക്കൊപ്പം പെൻഷൻ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഡി) മറ്റ് ഗവേഷണ കേന്ദ്രങ്ങളിലെ ജീവനക്കാർക്കൊപ്പം ഈ സ്ഥാപനത്തിലെയും ജീവനക്കാർക്ക് ഈ വർഷം മുതൽ തന്നെ പെൻഷൻ പദ്ധതി നടപ്പിലാക്കുമോ?

ഉത്തരം

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിൽ വരുന്ന ഗവേഷണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ഇല്ല.

(സി) & (ഡി) അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്ന പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ സർക്കാരിന്റെ/റീജിയണൽ ക്യാൻസർ സെന്ററിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

മൂളിയാറിൽ മണ്ണിടിച്ചിലിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് സഹായം

110 [1663] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ 26-4-2005-നുണ്ടായ മണ്ണിടിച്ചിലിൽ 10 പേർ മരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബന്ധപ്പെട്ട കുടുംബങ്ങൾക്ക് എന്തു സഹായമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ കുടുംബങ്ങളിൽപ്പെട്ട ഒരാൾക്കുവീതം തൊഴിൽ കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടിയായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മരണമടഞ്ഞ 10 പേരുടേയും ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഓരോ ലക്ഷം രൂപാ വീതം 28-4-2005-ന് വിതരണം ചെയ്തിട്ടുണ്ട്.

(സി) & (ഡി) ഇക്കാര്യം പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly